**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 935** | **09-10-2024 - ൽ മറുപടിയ്ക്ക്**

**കേരള വനം വികസന കോർപ്പറേഷന് പ്രത്യേക വിജിലൻസ് സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരള വനം വികസന കോർപ്പറേഷനിലെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിനായി വനം വകുപ്പിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; കോർപ്പറേഷനിലെ ഏതൊക്കെ ക്രമക്കേടുകളിലാണ് വനം വിജിലൻസ് നിലവിൽ അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ; | (എ) | കെ.എഫ്.ഡി.സി.യുമായി ബന്ധപ്പെട്ട എല്ലാ ക്രമക്കേടുകളും വനം വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്താറുണ്ട്. ട്രാവൽ ഏജൻസ് കമ്മീഷൻ നൽകിയതിലുള്ള പരാതി, ലേല നടപടികളിലെ അപാകതകൾ, പ്ലാന്റിംഗ് ജോലികളിലെ അപാകതകൾ എന്നിവയിലാണ് അന്വേഷണം നടത്തുന്നത്. പോലീസ് വിജിലൻസിന് ലഭിക്കുന്ന പരാതികളിന്മേലിലും, സർക്കാർ റഫർ ചെയ്യുന്ന കേസുകളിലും പോലീസ് വിജിലൻസ് വിഭാഗവും അന്വേഷണം നടത്തുന്നുണ്ട്. സ.ഉ.(കൈ)നം. 35/2024/വനം തീയതി 29.08.2024 പ്രകാരം, 1988-ലെ അഴിമതി നിരോധന നിയമത്തിൽ നിർവചിച്ചിട്ടുള്ള 'criminal misconduct' ഒഴിച്ചു വകുപ്പിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ഒരു ഇന്റേണൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | നൂറിൽ താഴെ ജിവനക്കാരുള്ള കേരള വനം വികസന കോർപ്പറേഷന് മാത്രമായി പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വനം വകുപ്പിന് കീഴിലുള്ള വിജിലൻസ് വിഭാഗത്തെ ഉപയോഗപ്പെടുത്തുന്നതിന് പകരം ഇപ്രകാരം പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; | (ബി) | 11/06/1997 -ലെ ജി.ഒ.(പി).നം.34/97/വിജി നമ്പർ ഉത്തരവിൻ പ്രകാരം, 1988-ലെ അഴിമതി നിരോധന നിയമത്തിൽ നിർവചിച്ചിട്ടുള്ള 'criminal misconduct' ഒഴിച്ചു വകുപ്പിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ആഭ്യന്തര വിജിലൻസ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഒരു വകുപ്പിലെ ഇന്റേണൽ വിജിലൻസ് സംവിധാനം മുഖാന്തിരം മറ്റൊരു സ്ഥാപനത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുവാൻ അധികാരപ്പെടുത്തുന്ന വ്യവസ്ഥകളൊന്നും 11/06/1997 -ലെ ജി.ഒ.(പി).നം.34/97/വിജി നമ്പർ ഉത്തരവിൻ ഏർപ്പെടുത്തിയിട്ടില്ല.<br><br>മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിൽ വിജിലൻസ് സെൽ രൂപീകരിക്കാവുന്നതാണെന്നു |

| | | | |
|---|---|---|---|
| | | | വിജിലൻസ് വകുപ്പ് അറിയിച്ചിരുന്നു. മേൽ ഉത്തരവിൻ പ്രകാരം കേരള വനം വികസന കോർപ്പറേഷനിൽ വിജിലൻസ് സെൽ രൂപീകരിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കെ എഫ് ഡി സി ഉദ്യോഗസ്ഥരെ മാത്രം ഉൾപ്പെടുത്തി ഇന്റേണൽ വിജിലൻസ് രൂപീകരിക്കുന്നത് ഫലപ്രദമാകണമെന്നില്ല എന്നതിനാൽ, സ.ഉ. (കൈ)നം. 35/2024/വനം തീയതി 29.08.2024 പ്രകാരം, 1988-ലെ അഴിമതി നിരോധന നിയമത്തിൽ നിർവചിച്ചിട്ടുള്ള 'criminal misconduct' ഒഴിച്ചു കെ എഫ് ഡി സി യിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനു ഇന്റേണൽ വിജിലൻസ് സെൽ രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . |
| (സി) | ഇതിനായി പ്രത്യേകം രൂപീകരിക്കുന്ന വിജിലൻസ് സെല്ലിന്റെ ഘടന വിശദമാക്കുമോ; ഇപ്രകാരം ഒരു സെൽ രൂപീകരിക്കുന്നതുവഴി പ്രതിമാസം എത്ര തുകയുടെ അധിക ചെലവുണ്ടാകുമെന്ന് അറിയിക്കുമോ? | (സി) | സ.ഉ. (കൈ)നം. 35/2024/വനം തീയതി 29.08.2024 പ്രകാരം വനം വന്യജീവി വകുപ്പിലെ ജോയിന്റ് സെക്രട്ടറി കൺവീനർ ആയും, വനം വന്യജീവി വകുപ്പിലെ ഒരു ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് , കെ എഫ് ഡി സി യിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളുമായാണ് ഇന്റേണൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടുള്ളത്. പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ പ്രതിമാസം അധിക ചെലവ് ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ